# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.472

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബിയുടെ ധനസമാഹരണത്തിനായി മസാല ബോണ്ട്

| ചോദ്യം<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ധനസമാഹരണത്തിനായി മസാല ബോണ്ട് പുറത്തിറക്കിയിട്ടുണ്ടോ ; | ഉണ്ട്. |
| (ബി) ഇതിനായി എത്ര കോടി രൂപയുടെ മസാല ബോണ്ടാണ് വില്പന നടത്തിയത്; ഏത് കമ്പനിയാണ് പ്രസ്തുത ബോണ്ട് വാങ്ങിയത് എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | മസാല ബോണ്ട് വഴി നാളിതുവരെ 2150 കോടി രൂപയാണ് കിഫ്ബി സമാഹരിച്ചത്. അസറ്റ് മാനേജർസ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ് , പ്രൈവറ്റ് വെൽത്ത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ ഉൾപ്പടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. |
| (സി) പ്രസ്തുത ബോണ്ടിന് കേരള സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തരം ഗ്യാരന്റിയാണ് നൽകിയിട്ടുള്ളത് ; | 2016 ലെ കിഫ് (ഭേദഗതി) ആക്ട് പ്രകാരം കിഫ്ബിയുടെ ധനസമാഹരണവുമായി ബന്ധപ്പെട്ട എല്ലാ തിരിച്ചടവുകൾക്കും സർക്കാരിന്റെ ഗ്യാരന്റി ബാധകമാണ്. ഇതിൽ കേരള ഗ്യാരണ്ടി ആക്റ്റിന്റെ പരിധികൾക്കുള്ളിൽ നിന്നുകൊണ്ടാണ് സർക്കാർ ഗ്യാരന്റി നില്കിയിട്ടുള്ളത്. |
| (ഡി) ഭരണഘടനയുടെ 293(1)അനുച്ഛേദ പ്രകാരം സംസ്ഥാന സർക്കാരിന് രാജ്യത്തിന്റെ പുറത്തുനിന്നും ബോണ്ടുവഴി ധനസമാഹരണം നടത്തുന്നതിന് ഗ്യാരന്റി നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ? | ഭരണഘടനാപരമായി സംസ്ഥാന സർക്കാരിന് കിഫ്ബിയുടെ മസാല ബോണ്ടുകളിൽ ഗ്യാരന്റി നിൽക്കുവാൻ തടസ്സമില്ല. ഗ്യാരന്റി സംബന്ധിച്ച വിഷയത്തിൽ നിയമ വകുപ്പിൽ നിന്നും ഉപദേശം നേടിയിരുന്നു. ഭരണഘടനയുടെ 293(1) അനുഛേദം സംസ്ഥാന സർക്കാരുകൾക്കാണ് ബാധകമായിട്ടുള്ളത്. കിഫ്ബിയെ പോലുള്ള സ്റ്റാറ്റ്യൂട്ടറി ബോഡി കോർപ്പറേറ്റിനു ബാധകമല്ല. |

അക്കൗണ്ട്സ് ഓഫീസർ